©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 15th July 2011<br>2011 ജൂലൈ 15<br>24th Ashadha 1933<br>1933 ആഷാഢം 24 | No.<br>നമ്പർ 1384 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 89/2011/LBR. *Dated, Thiruvananthapuram, 7th July, 2011.*

**S. R. O. No. 438/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 10730/E1/2006/LBR dated 15th December, 2010 in the Kerala Gazette Extraordinary No. 2863 dated 17th December, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the Minimum rates of wages payable to the employees employed in the Marble and Granite Industry in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.
33/2683/2011/DTP.

SCHEDULE

**1. Monthly Wages**

| *Sl. No.* | *Category/Work* | *Monthly Basic Wages (₹)* |
|---|---|---|
| 1 | Manager | 4625 |
| 2 | Sales Executive/Marketing Executive | 4500 |
| 3 | Clerk, Office Assistant, Accountant, Salesman, Computor Operator, Driver | 4350 |
| 4 | Crane Operator | 4500 |
| 5 | Cleaner, Helper, Watchman | 4180 |

**2. Daily Wages**

| *Sl. No.* | *Category/Work* | *Daily Basic Wages (8 hours work)* |
|---|---|---|
| 1 | Polisher/Cutter | ₹ 225 |
| 2 | Loading and Unloading Workers | ₹ 250 |

**3. Piece Rate**

| *Sl. No.* | *Category/Work* | *Basic Wages* |
|---|---|---|
| | Loading and Unloading Work | |
| 1 | Granite Slab | ₹ 200 (per tone) |
| 2 | Marble Slab | ₹ 200 (per tone) |
| 3 | Granite/Marble Pieces/Tiles | ₹ 145 (per tone) |

**4. Dearness Allowance**

All the Workers shall be paid in addition to their above said wages, the Dearness Allowance at the rate of 95 (ninety five) paise for the piece rated workers, and rupees 24.90 (Rupees twenty four and ninety paise) for monthly waged employees respectively, for every point in excess of 130 points of the latest Consumer Price Index Number in the new series 1998-99 =100 of each District Headquarters.

For Wayanad and Idukki Districts, Dearness Allowance shall be paid on the basis of the Consumer Price Index Number published for Meppadi and Munnar centres respectively.

5. **Service Weightage**

The monthly rated and daily rated employees who have completed a continuous service of 5 years or more in an establishment or under an employer shall be given service weightage at rate of 5% of basic wages for their completed service tenure of 5 years or more but below 10 years and 10% of basic wages for those who are having a service tenure of 10 years but below 15 years and 15% of basic wages for those who are having a service tenure of 15 years or more by including the same in the basic wages.

6. The daily wages, in respect of the category of employees for whom monthly wages is fixed in this notification may be calculated by dividing the total monthly wages eligible for them by 26 and the monthly wages of those whose daily wages as fixed may be calculated by multiplying the daily wages by 26.

7. Wherever loading and unloading workers are getting more wages than fixed as per this notification on the basis of the rates fixed as per the Kerala Head load Workers Act, 1978 they are entitled to continue get such higher rates.

8. **Protection for higher wages**

Wherever any workman is presently in receipt of higher wages than the minimum rates of wages fixed in this Notification, such workman shall continue to get such higher rate of wages.

By order of the Governor,

ANIL, X.,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 10730/E1/2006/LBR dated 15th December, 2010 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in the Marble and Granite Industry in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി.ഒ. (എംഎസ്.) നമ്പർ 89/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ജൂലൈ 7.*

**എസ്. ആർ. ഒ. നമ്പർ 438/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്ടിന്റെ (5)-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2010 ഡിസംബർ 17-ാം തീയതിയിലെ 2863-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഡിസംബർ 15-ാം തീയതിയിലെ 10730/ഇ1/2006/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്ടിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ "മാർബിൾ ആന്റ് ഗ്രാനൈറ്റ്" തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

**1. പ്രതിമാസ വേതനം**

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *പ്രതിമാസ അടിസ്ഥാന വേതനം (₹)* |
|---|---|---|
| 1 | മാനേജർ | 4625 |
| 2 | സെയിൽസ് എക്സിക്യൂട്ടീവ്/മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് | 4500 |
| 3 | ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ്, അക്കൗണ്ടന്റ്, സെയിൽസ്മാൻ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഡ്രൈവർ | 4350 |
| 4 | ക്രെയിൻ ഓപ്പറേറ്റർ | 4500 |
| 5 | ക്ലീനർ, ഹെൽപ്പർ, വാച്ച്മേൻ | 4180 |

2. ദിവസ വേതനം

| ക്രമ നമ്പർ | വിഭാഗം/ജോലി | നിശ്ചയിക്കുന്ന ദിവസവേതനം (8 മണിക്കൂർ ജോലിക്ക്) |
|---|---|---|
| 1 | പോളിഷർ/കട്ടർ | ₹ 225 |
| 2 | കയറ്റിറക്ക് ജോലിക്കാർ | ₹ 250 |

3. പീസ് റേറ്റ്

| ക്രമ നമ്പർ | വിഭാഗം/ജോലി | നിശ്ചയിക്കുന്ന മൊത്തം വേതനം |
|---|---|---|
| | കയറ്റിറക്ക് ജോലി | |
| 1 | ഗ്രാനൈറ്റ് സ്ലാബ് | ₹ 200 (ടൺ ഒന്നിന്) |
| 2 | മാർബിൾ സ്ലാബ് | ₹ 200 (ടൺ ഒന്നിന്) |
| 3 | ഗ്രാനൈറ്റ്/മാർബിൾ പീസുകൾ/ടൈൽസ് | ₹ 145 (ടൺ ഒന്നിന്) |

4. **ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ എല്ലാ തൊഴിലാളികൾക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രങ്ങൾക്കുംവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയിലെ 130 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും യഥാക്രമം മാസശമ്പളക്കാർക്ക് 24 രൂപ 90 പൈസ (ഇരുപത്തിനാല് രൂപ തൊണ്ണൂറ് പൈസ) നിരക്കിലും ദിവസവേതനക്കാർക്ക് 95 പൈസ (തൊണ്ണൂറ്റഞ്ച് പൈസ) നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

ഇടുക്കി, വയനാട് ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

5. **സർവ്വീസ് വെയിറ്റേജ്**

ഒരു സ്ഥാപനത്തിൽ അഥവാ ഒരു തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി 5 വർഷമോ അതിൽ കൂടുതലോ സേവന കാലയളവുള്ള പ്രതിമാസ ശമ്പളക്കാരും ദിവസ വേതനക്കാരുമായ തൊഴിലാളികൾക്ക് അവർ പൂർത്തിയാക്കിയ 5 വർഷം മുതൽ 10 വർഷത്തിൽ താഴെ വരെയുള്ള സേവന കാലയളവിന് അടിസ്ഥാന വേതനത്തിന്റെ 5 ശതമാനവും, 10 വർഷം മുതൽ 15 വർഷത്തിൽ താഴെവരെ സേവനകാലയളവുള്ളവർക്ക് അടിസ്ഥാന വേതനത്തിന്റെ 10 ശതമാനവും 15 വർഷമോ അതിനുമുകളിലോ സേവന കാലയളവുള്ളവർക്ക് അടിസ്ഥാന വേതനത്തിന്റെ 15 ശതമാനവും സർവ്വീസ് വെയിറ്റേജായി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

6. ഈ പട്ടികയിൽ മാസശമ്പളം നിശ്ചയിച്ചിട്ടുള്ള വിഭാഗം തൊഴിലാളികളുടെ ദിവസവേതനം മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും ദിവസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗം തൊഴിലാളികളുടെ മാസശമ്പളം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും കണക്കാക്കേണ്ടതാണ്.

7. 1978-ലെ ചുമട്ടുതൊഴിലാളി നിയമത്തിലെ 9-ാം വകുപ്പുപ്രകാരം വേതനം നിശ്ചയിച്ചിട്ടുള്ളിടത്ത് ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ച വേതന നിരക്കുകളെക്കാൾ കൂടുതൽ വേതനം കയറ്റിറക്ക് തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് അങ്ങനെയുള്ള ഉയർന്ന വേതനം തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. **ഉയർന്ന വേതനത്തിന് സംരക്ഷണം**

ഏതെങ്കിലും തൊഴിലാളികൾക്ക് ഈ പട്ടികയിൽ നിശ്ചയിച്ചതിനെക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്നുണ്ടെങ്കിൽ അത്തരം തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന നിരക്കിലുള്ള വേതനം തുടർന്നും ലഭിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**അനിൽ, എക്സ്.,**
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ "മാർബിൾ ആന്റ് ഗ്രാനൈറ്റ്" തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2010 ഡിസംബർ 15-ാം തീയതിയിലെ 10730/ഇ1/2006/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ച ശേഷവും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.